LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ മരാമത്ത് വികസന പ്രവർത്തനങ്ങൾ

111 [1233] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ്, ബിൽഡിംഗ്സ്, ഇലക്ട്രിക്കൽ, സ്പെഷ്യൽ ബിൽഡിംഗ് എന്നീ വിഭാഗങ്ങൾ യഥാക്രമം ചുമതല ഏറ്റെടുത്തിട്ടുള്ള വിവിധ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) മേൽ സൂചിപ്പിച്ച വിവിധ വികസന പ്രവർത്തനങ്ങളുടെ അടങ്കൽ തുക, പൂർത്തിയാക്കേണ്ട സമയപരിധി എന്നിവ വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) കെട്ടിട വിഭാഗവും റോഡുകളും പാലങ്ങളും വിഭാഗവും നടത്തിയിരിക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

കേരള റോഡ് ഫണ്ട് ബോർഡ് തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബി.ഒ.ടി. വ്യവസ്ഥയിൽ വെള്ളയമ്പലം-കവടിയാർ-പേരൂർക്കട-വഴയില, വെള്ളയമ്പലം-ശാസ്തമംഗലം-കവടിയാർ-പട്ടം-പൊട്ടക്കുഴി-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ, മുറിഞ്ഞപാലം-കുമാരപുരം-കിംസ്-വെൺപാലവട്ടം റോഡ് എന്നീ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.ഒ.ടി. വ്യവസ്ഥയിലായതിനാൽ ഓരോ റോഡിനും പ്രത്യേക അടങ്കൾ തുക ഇല്ല. 2006 നവംബർ 16-ാം തീയതിയാണ് പൂർത്തിയാക്കേണ്ട സമയപരിധി.

തിരൂർക്കാട്-വെറ്റിലപ്പാറ-ഊട്ടി-കൊയിലാണ്ടി റോഡുകൾ

112 [1234] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർക്കാട്-വെറ്റിലപ്പാറ-ഊട്ടി-കൊയിലാണ്ടി എന്നീ റോഡുകൾ നാഷണൽ ഹൈവേയിലാണോ സ്റ്റേറ്റ് ഹൈവേയിലാണോ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റോഡുകളുടെ നിർമ്മാണം എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരൂർക്കാട്-വെറ്റിലപ്പാറ-ഊട്ടി-കൊയിലാണ്ടി എന്ന പേരിൽ ഒരു റോഡ് നിലവിലില്ല. എന്നാൽ മേൽപറഞ്ഞ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന ജില്ലാതല റോഡുകൾ നിലവിലുണ്ട്.

(ബി) ബാധകമല്ല.

† അനുബന്ധം VI.

അനുബന്ധം—VI

17-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 111 [1233]-ന്റെ ഉത്തരം കാണുക

കെട്ടിട വിഭാഗത്തെ സംബന്ധിക്കുന്ന വികസന പ്രവർത്തനങ്ങൾ

	Name of Work	*Estimate Amount* ₹	*Date of Completion*
	(1)	(2)	(3)
1.	Construction of Super Speciality Block in Medical College Campus	13 Crore	Work tendered (details not available)
2.	Construction of Civil Station (Phase I) at Kudappanakunnu	4.82 Crore	May 2006
3.	Construction of Civil Station (Phase II) at Kudappanakunnu	4.45 Crore	January 2007
4.	Construction of Building for SC/ST Department at Kudappanakunnu	2.15 Crore	May 2009
5.	Construction of Golden Jubilee Block in Medical College Campus	2.63 Crore	April 2007
6.	Construction of Building for Ambedkar Bhavan for SC/ST Department at Mannanthala	5 Crore	October 2006
7.	Plan proposed 2002-03 MHC Construction of a new forensic ward Thiruvananthapuram	22,08,113	3-12-2005
8.	Plan proposed 2002-03 MHC Thiruvananthapuram Construction of new building for modern phychiatric ward new ward No. 24 in MHC Thiruvananthapuram	33,00,000	30-6-2006
9.	Animal Husbandry Departmental Construction of Library of Museum Hall at Kudappanakunnu LMTC	10,95,581	15-8-2006

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
10. Special development fund for MLA 2004-05, Thiruvananthapuram North constituency construction of swimming pool to Kunnathukulam-Kudappanakunnu	89,419	30-6-2006
11. CPT-Construction of a new block for Technical Library and Communication Center with internet facilities	29,47,302	30-10-2005

റോഡുകളും പാലങ്ങളും വിഭാഗം ഏറ്റെടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ

വികസന പ്രവർത്തനങ്ങൾ	*അടങ്കൽ തുക* ₹	*പൂർത്തിയാക്കേണ്ട സമയപരിധി*
1. വയലിക്കട മുക്കോല റോഡിന്റെ ഭാഗമായ വയലിക്കട മുതൽ ചൂഴമ്പാല വരെയുള്ള ഭാഗവും അമ്പലത്തുനട മുതൽ മുക്കോല വരെയുള്ള ഭാഗവും പരിഷ്ക്കരണം.	34 ലക്ഷം	പണി പൂർത്തിയായി.
2. വട്ടിയൂർക്കാവ് വെള്ളൈക്കടവ് ഭാഗത്ത് കാന സംരക്ഷണ ഭിത്തി വീതി കൂട്ടൽ മുതലായ പണികൾ.		പണി പൂർത്തിയായി.
3. വഴയില മുക്കോല റോഡ് വീതി കൂട്ടലും കാന നിർമ്മാണവും.	35 ലക്ഷം	31-3-2005-ൽ തീരേണ്ടതായിരുന്നു. 75% പണികൾ പൂർത്തിയായി.
4. ഇലിപ്പോട് അറപ്പുര റോഡ് പരിഷ്ക്കരണം	50 ലക്ഷം	11-11-2005-ൽ തീരേണ്ടതായിരുന്നു. 65% പണികൾ പൂർത്തിയായി.
5. വേട്ടമുക്ക് വലിയവിള റോഡ് പരിഷ്ക്കരണം	56 ലക്ഷം	17-11-2005-ൽ തീരേണ്ടതായിരുന്നു. 45% പണികൾ പൂർത്തിയായി.
6. പേരൂർക്കട തോപ്പുമുക്ക് കുലശേഖരം റോഡ്		ഒന്നാം റീച്ച് 0/0 മുതൽ 2/500 വരെ പണി പൂർത്തിയായി.

ഇവ കൂടാതെ തിട്ടമംഗലം കൊടുങ്ങാനൂർ റോഡ് (പ്ലാവോട് വഴി) പേരൂർക്കട എ.കെ.ജി. നഗർ കൃഷ്ണനഗർ റോഡ് ഇവയ്ക്കുവേണ്ടി ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly